# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത **09-12-2014ൽ** മറുപടിക്ക്

ചോദ്യം : **2241**

### വൈദ്യുതി ചാർജ്ജ് കുടിശ്ശികയും ഡെപ്പോസിറ്റ് തുകയും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീമതി.ഇ.എസ്. ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>" ഇ. ചന്ദ്രശേഖരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റായി എത്ര തുക വൈദ്യുതി ബോർഡ് പിരിച്ചെടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ; | (എ) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്ന വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പണമായി 386.35 കോടി രൂപയും, ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 205.28 കോടി രൂപയും സ്വീകരിച്ചിട്ടുണ്ട്.<br><br>എൽ.റ്റി. വിഭാഗത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റായി 1380.4258 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) വിവിധ കേസുകളിൽപെട്ട് എത്ര തുക പിരിച്ചെടുക്കാൻ കഴിയാതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) എൽ.റ്റി. വിഭാഗത്തിൽ വിവിധ കേസുകളിൽപ്പെട്ട് പിരിച്ചെടുക്കാൻ കഴിയാതായിട്ടുള്ള തുക 52.135 കോടി രൂപയാണ്.<br><br>30.09.2014 ലെ കണക്കനുസരിച്ച് വിവിധ കേസുകളിൽപ്പെട്ട് 434.63 കോടി രൂപ |

| | |
|---|---|
| | പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ 41.9 കോടി രൂപ ലോ ടെൻഷൻ വിഭാഗത്തിലും, 392.73 കോടി രൂപ ഹൈടെൻഷൻ വിഭാഗത്തിലും ആണ്. |
| (സി) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) 30.09.2014 കണക്കു പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലായി 106.70 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 4.28 കോടി രൂപയുമാണ് പിരിഞ്ഞുകിട്ടാനുള്ളത്. |

സെക്ഷൻ ഓഫീസർ